"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഇലക്ട്രോണിക്സും വിവര സാങ്കേതിക വിദ്യയും വകുപ്പ് -കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക് (KSWAN) ശൃംഖലയുടെ പ്രവർത്തനത്തിനും പരിപാലനത്തിനുമായി, M/s Railtel Corporation-നുമായുള്ള കരാർ ദീർഘിപ്പിച്ച കേരള സ്റ്റേറ്റ് ഐ.ടി മിഷൻ ഡയറക്ടറുടെ നടപടി സാധൂകരിച്ചുകൊണ്ടും, നിലവിലെ വ്യവസ്ഥകളും നിരക്കുകളും ബാധകമാകുന്ന രീതിയിൽ കരാർ ദീർഘിപ്പിക്കുന്നതിന് കേരള സ്റ്റേറ്റ് ഐ ടി മിഷൻ ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഇലക്ട്രോണിക്സും വിവര സാങ്കേതിക വിദ്യയും (ബി) വകുപ്പ്**

സ.ഉ.(കൈ) നം.15/2025/ITD തീയതി,തിരുവനന്തപുരം, 30-08-2025

---

പരാമർശം:-

1. 05.02.2018-ലെ സ.ഉ.(കൈ) നം.4/2018/ഐ.ടി
2. കേരള സ്റ്റേറ്റ് ഐ.ടി മിഷൻ ഡയറക്ടറുടെ 12.03.2025-ലെ KSWAN/23/2016-KSITM നമ്പർ കത്ത്.
3. കേരള സ്റ്റേറ്റ് ഐ.ടി മിഷൻ ഡയറക്ടറുടെ 16.07.2025 -ലെ KSWAN/6/2025-KSITM നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

14 ജില്ലാ ആസ്ഥാനങ്ങൾ, 152 ബ്ലോക്ക് ആസ്ഥാനങ്ങൾ എന്നിവയെ സംസ്ഥാന ഡാറ്റാ സെന്ററുമായി ബന്ധിപ്പിച്ച് കൊണ്ടുള്ള കേരള സംസ്ഥാന വൈഡ് ഏരിയ നെറ്റ്‌വർക്ക്(KSWAN) വഴി സംസ്ഥാനത്തെ 4600-ഓളം സർക്കാർ ഓഫീസുകൾക്ക് കണക്ടിവിറ്റി ലഭ്യമാക്കിയിട്ടുണ്ട്. KSWAN ശൃംഖലയുടെ പ്രവർത്തനത്തിനും പരിപാലനത്തിനുമായി, ഒരു മത്സരാധിഷ്ഠിത ടെൻഡർ പ്രക്രിയയിലൂടെ തെരഞ്ഞെടുക്കപ്പെട്ട M/s Railtel Corporation-നു 01.05.2018 മുതൽ മൂന്നു വർഷത്തേക്ക് ₹22.94 കോടി ചെലവിൽ കരാർ നൽകുന്നതിന് കേരള സ്റ്റേറ്റ് ഐടി മിഷനു സൂചന (1) ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു.

2. KSWAN ശൃംഖലയുടെ പ്രവർത്തനത്തിനും പരിപാലനത്തിനുമായി റെയിൽടെൽ കോർപ്പറേഷനുമായുള്ള കരാർ കാലാവധി 30.04.2021-ന് അവസാനിച്ചിരുന്നു. എന്നാൽ, കോവിഡ് 19 മഹാമാരി കാലഘട്ടമായതിനാൽ M/s. റെയിൽടെൽ കോർപ്പറേഷനുമായുള്ള കരാർ അവസാനിക്കുന്നതിനു മുൻപ് കേരള സ്റ്റേറ്റ് ഐ.ടി മിഷന് പുതിയ ടെൻഡർ പ്രക്രിയയുമായി മുന്നോട്ട് പോകാൻ സാധിച്ചിരുന്നില്ല. KSWAN കണക്ഷനിൽ ഉപയോഗിക്കുന്ന IT/non-IT ഉപകരണങ്ങൾ ഭൂരിഭാഗവും End of Service (EoS) അല്ലെങ്കിൽ End of Life (EoL) ആയതിനാൽ സിസ്റ്റം ഇന്റഗ്രേറ്ററുടെ പങ്കാളിത്തം കൂടാതെ നെറ്റ്‌വർക്കിന്റെ ഫലപ്രദമായ മാനേജ്മെന്റും പ്രവർത്തനവും സാധ്യമല്ല. KSWAN മുഖേന ഇന്റർനെറ്റ് സേവനം കരാർ കാലാവധിക്ക് ശേഷവും നൽകേണ്ടത് അത്യന്താപേക്ഷിതമായതിനാൽ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെ കേരള സ്റ്റേറ്റ് ഐ.ടി മിഷൻ, റെയിൽടെൽ കോർപ്പറേഷന് 01-05-2021 മുതൽ 30-04-2024 വരെ കരാർ നീട്ടി നൽകുകയുണ്ടായി. പ്രാരംഭ ടെൻഡർ പ്രക്രിയ പ്രകാരം ടെൻഡറിൽ രേഖപ്പെടുത്തിയ അതേ യൂണിറ്റ്

നിരക്കുകളിൽ യാതൊരു വർദ്ധനവും വരുത്താതെയാണ് കരാർ ദീർഘിപ്പിച്ചതെന്നു കേരള സ്റ്റേറ്റ് ഐ.ടി മിഷൻ ഡയറക്ടർ വ്യക്തമാക്കിയിട്ടുണ്ട്.

3. KSWAN നെറ്റ്‌വർക്ക് -നെ കേരള ഫൈബർ ഓപ്റ്റിക് നെറ്റ് വർക്ക് (KFON) ശൃംഖലയുമായി സംയോജിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിൽ സർക്കാരിന്റെ പരിഗണനയിലാണ്. ആയതിന് അംഗീകാരം നൽകി കഴിഞ്ഞാൽ നെറ്റ് വർക്കിന്റെ പ്രവർത്തനങ്ങൾ പുതിയ ഓപ്പറേറ്റർക്ക് കൈമാറുന്നതിന് കുറഞ്ഞത് 90 ദിവസമെങ്കിലും ആവശ്യമാണ്.

4. സർക്കാർ അനുമതി തേടാതെ കരാർ നീട്ടി നൽകിയ നടപടി സാധൂകരിച്ചു നൽകണമെന്നും കെ-ഫോൺ ഏറ്റെടുക്കുന്നത് വരെ KSWAN നെറ്റ്‌വർക്ക് തടസ്സരഹിതമായി പ്രവർത്തിക്കാൻ M/s Railtel Corporation -നുമായുള്ള കരാർ ദീർഘിപ്പിക്കണമെന്നും കേരള സ്റ്റേറ്റ് ഐ.ടി മിഷൻ ഡയറക്ടർ സൂചന കത്തുകൾ പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോവിഡ് മഹാമാരി കാലഘട്ടമായതിനാൽ M/s. റെയിൽടെൽ കോർപ്പറേഷനുമായുള്ള കരാർ അവസാനിക്കുന്നതിനു മുൻപ് കേരള സ്റ്റേറ്റ് ഐ.ടി മിഷന് പുതിയ ടെൻഡർ പ്രക്രിയയുമായി മുന്നോട്ട് പോകാൻ സാധിച്ചിരുന്നില്ല എന്നതും കെ-ഫോൺ ഏറ്റെടുക്കുന്നത് വരെ KSWAN നെറ്റ്‌വർക്ക് തടസ്സരഹിതമായി പ്രവർത്തിക്കാൻ M/s Railtel Corporation-നുമായുള്ള കരാർ ദീർഘിപ്പിക്കേണ്ടത് അത്യാവശ്യമാണെന്നതും പരിഗണിച്ച്

i. 01-05-2021 മുതൽ 30-04-2024 വരെ KSWAN ശൃംഖലയുടെ പ്രവർത്തനത്തിനും പരിപാലനത്തിനുമായി സർക്കാർ അനുമതി ഇല്ലാതെ M/s.Railtel Corporation-നു കരാർ കാലാവധി നീട്ടി നൽകിയ കേരള സ്റ്റേറ്റ് ഐ.ടി മിഷൻ ഡയറക്ടറുടെ നടപടി സാധൂകരിക്കുന്നു.

ii. 01-05-2024 മുതൽ 31-12-2025 വരെ അല്ലെങ്കിൽ KSWAN നെറ്റ്‌വർക്ക് നെ KFON-മായി സംയോജിപ്പിക്കുന്ന നടപടി പൂർത്തിയാക്കുന്നത് വരെ (ഏതാണോ ആദ്യം അതുവരെ) KSWAN ശൃംഖലയുടെ പ്രവർത്തനത്തിനും പരിപാലനത്തിനുമായി M/s Railtel Corporation-നുമായുള്ള കരാറിന്റെ കാലാവധി, നിലവിലുള്ള വ്യവസ്ഥകളും നിരക്കുകളും പ്രകാരം ദീർഘിപ്പിക്കുന്നതിന് കേരള സ്റ്റേറ്റ് ഐ.ടി മിഷൻ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സീറാം സാംബശിവ റാവു ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, കേരള സ്റ്റേറ്റ് ഐ.ടി മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ് എസ് എ) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് ( Exp-B3/351/2021-Fin dated 17.02.2025 പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പിന് (27-08-2025 ലെ ഇനം നം................ പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ & പി.ആർ.ഡി.
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Mahesh R
സെക്ഷൻ ഓഫീസർ
Date: 30-08-2025 15:55:50

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 27-08-2025

ഫയൽ നം. ഐ.ടി.ബി2/72/2020/വി.സ.വ. ഇനം നം: 3208

വിഷയം : ഇലക്ട്രോണിക്സും വിവര സാങ്കേതികവിദ്യയും വകുപ്പ് - KSWAN പദ്ധതിയുടെ പ്രവർത്തനത്തിനും പരിപാലനത്തിനുമായി, M/s.Railtel Corporation-നുമായുള്ള കരാർ ദീർഘിപ്പിച്ച നടപടിക്ക് സാധൂകരണം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സ്പെഷ്യൽ സെക്രട്ടറി, ഇലക്ട്രോണിക്സും വിവര സാങ്കേതികവിദ്യയും വകുപ്പ്.

3208

കേരള സർക്കാർ

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ഐ.ടി.ബി2/72/2020/വി.സ.വ |
| 2 | വകുപ്പ് | : | ഇലക്ട്രോണിക്സും വിവര സാങ്കേതിക വിദ്യയും (ബി) വകുപ്പ് |
| 3 | വിഷയം | : | KSWAN പദ്ധതിയുടെ പ്രവർത്തനത്തിനും പരിപാലനത്തിനുമായി, M/s Railtel Corporation-നുമായുള്ള കരാർ ദീർഘിപ്പിച്ച നടപടിക്ക് സാധൂകരണം നൽകുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 18.04.2025 |
| 5 (i) | ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ? | : | അതെ |
| (ii) | സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല. |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. രാജേഷ് കുമാർ എം. |
| 8 | കുറിപ്പ് അംഗീകരിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. സീറാം സാംബശിവ റാവു |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സ്പെഷ്യൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 15.08.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 18.08.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 26.08.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 26.08.2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും. | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക് (KSWAN) ശൃംഖലയുടെ പ്രവർത്തനത്തിനും പരിപാലനത്തിനുമായി, M/s Railtel Corporation-നുമായുള്ള കരാർ 01-05-2021 മുതൽ 30-04-2024 വരെ സർക്കാർ അനുമതിയില്ലാതെ ദീർഘിപ്പിച്ച കേരള സ്റ്റേറ്റ് ഐ.ടി മിഷൻ ഡയറക്ടറുടെ നടപടിക്ക് സാധൂകരണം നൽകുന്നതിനും, നിലവിലെ വ്യവസ്ഥകളും നിരക്കുകളും ബാധകമാകുന്ന രീതിയിൽ കരാർ 01-05-2024 മുതൽ 31-12-2025 വരെ അല്ലെങ്കിൽ KSWAN നെറ്റ്‌വർക്ക് KFON-മായി സംയോജിപ്പിക്കുന്ന നടപടി പൂർത്തിയാക്കുന്നത് വരെ (ഏതാണോ ആദ്യം അതുവരെ) ദീർഘിപ്പിക്കുന്നതിനുള്ള അനുമതി നൽകുന്നതിനും മന്ത്രിസഭയുടെ അംഗീകാരം തേടുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) 05.02.2018-ലെ സ.ഉ.(കൈ) നം.4/2018/ITD പ്രകാരം, 01.05.2018 മുതൽ മൂന്ന് വർഷത്തേക്ക് KSWAN ശൃംഖലയുടെ പ്രവർത്തനത്തിനും പരിപാലനത്തിനുമായി ഒരു മത്സരാധിഷ്ഠിത ടെൻഡർ പ്രക്രിയയിലൂടെ, M/s Railtel Corporation-ന് ₹22.94 കോടി ചെലവിൽ കരാർ നൽകുന്നതിന് കേരള സ്റ്റേറ്റ് ഐടി മിഷന് അനുമതി നൽകിയിരുന്നു. തുടർന്ന്, KSWAN-ന്റെ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണവും ഉൾപ്പെടുത്തിക്കൊണ്ട് KSITM M/s Railtel Corporation-ന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

3) 14 ജില്ലാ ആസ്ഥാനങ്ങൾ, 152 ബ്ലോക്ക് ആസ്ഥാനങ്ങൾ എന്നിവയെ സംസ്ഥാന ഡാറ്റാ സെന്ററുമായി ബന്ധിപ്പിച്ചു കൊണ്ടുള്ള കേരള സംസ്ഥാന വൈഡ് ഏരിയ നെറ്റ്‌വർക്ക്(KSWAN) വഴി സംസ്ഥാനത്തെ 4800-ഓളം സർക്കാർ ഓഫീസുകൾക്ക് കണക്റ്റിവിറ്റി ലഭ്യമാക്കിയിട്ടുണ്ട്. KSWAN കണക്ഷനിൽ ഉപയോഗിക്കുന്ന IT/non-IT ഉപകരണങ്ങൾ ഭൂരിഭാഗവും End of Service (EoS) അല്ലെങ്കിൽ End of Life (EoL) ആയതിനാൽ സിസ്റ്റം ഇന്റഗ്രേറ്ററുടെ പങ്കാളിത്തം കൂടാതെ നെറ്റ്‌വർക്കിന്റെ ഫലപ്രദമായ മാനേജ്മെന്റും പ്രവർത്തനവും സാധ്യമല്ല.

4) KSWAN-ന്റെ നെറ്റ്‌വർക്കിന്റെ പ്രവർത്തനത്തിനും പരിപാലനത്തിനുമായി റെയിൽടെൽ കോർപ്പറേഷനുമായുള്ള കരാർ 30.04.2021-ന് അവസാനിച്ചിരുന്നു. എന്നാൽ, കോവിഡ് 19 മഹാമാരി

കാലഘട്ടമായതിനാൽ M/s. റെയിൽടെൽ കോർപ്പറേഷനുമായുള്ള കരാർ അവസാനിക്കുന്നതിനു മുൻപ് കേരള സ്റ്റേറ്റ് ഐ.ടി മിഷന് പുതിയ ടെൻഡർ പ്രക്രിയയുമായി മുന്നോട്ട് പോകാനായില്ല. KSWAN മുഖേനെ ഇന്റർനെറ്റ് സേവനം കരാർ കാലാവധിക്ക് ശേഷവും നൽകേണ്ടത് അത്യന്താപേക്ഷിതമായതിനാൽ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെ തന്നെ കേരള സ്റ്റേറ്റ് ഐ.ടി മിഷൻ റെയിൽടെൽ കോർപ്പറേഷന് 01-05-2021 മുതൽ 30-04-2024 വരെ കരാർ നീട്ടി നൽകി.

5) സർക്കാർ അനുമതി തേടാതെ കരാർ നീട്ടി നൽകിയ നടപടി സാധൂകരിച്ചു നൽകണമെന്ന് കേരള സ്റ്റേറ്റ് ഐ.ടി മിഷൻ ഡയറക്ടറുടെ ആവശ്യത്തിന്മേൽ, അഭിപ്രായം തേടിയപ്പോൾ ധനവകുപ്പ് ചുവടെ കാണും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി :-

*"KSWAN സേവനങ്ങൾ തുടരേണ്ടതിന്റെ അനിവാര്യത സംബന്ധിച്ച് ധന വകുപ്പിനും എതിർപ്പില്ല എന്നും എന്നാൽ KSWAN സേവനങ്ങൾ തുടരേണ്ടതിന്റെ പ്രാധാന്യം സർക്കാർ അനുമതി ഇല്ലാതെ 22 കോടിയിൽ അധികം വരുന്ന കരാറിൽ ഏർപ്പെട്ടതിന് ന്യായീകരണമായി അംഗീകരിക്കാൻ കഴിയില്ല എന്നും ആയതിനാൽ IT Mission നൽകിയിട്ടുള്ള അപ്രകാരമുള്ള വിശദീകരണം സ്വീകാര്യമായി തോന്നുന്നില്ല എന്നും അത്തരത്തിൽ സർക്കാർ അനുമതിയില്ലാതെ തുടർന്ന കരാർ സാധൂകരിച്ച് നല്കാൻ കഴിയില്ല എന്നും വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണയ്ക്ക് സമർപ്പിക്കുവാനും നിലവിലുള്ള കരാറിന് സർക്കാർ അനുമതി ഇല്ല എന്നതിനാൽ കരാർ ദീർഘിപ്പിക്കുന്ന വിഷയത്തിൽ അഭിപ്രായം നൽകാൻ കഴിയില്ല എന്നും വിഷയം മന്ത്രിസഭാ പരിശോധിച്ച് തീരുമാനം ആകുന്നത് വരെ തൽസ്ഥിതി തുടരുവാനും ഭരണ വകുപ്പിനോട് അഭ്യർത്ഥിക്കുന്നു."*

6) M/s. റെയിൽടെൽ കോർപ്പറേഷനുമായുള്ള കരാർ 30.04.2021-ന് കാലഹരണപ്പെട്ടതിനെത്തുടർന്ന്, കരാർ താത്കാലികമായി ദീർഘിപ്പിച്ചതു സംബന്ധിച്ച് ഡയറക്ടർ, കേരള സ്റ്റേറ്റ് ഐടി മിഷൻ (KSITM) വിശദീകരണം ലഭ്യമാക്കിയിട്ടുണ്ട്. പ്രാരംഭ ടെൻഡർ പ്രക്രിയ പ്രകാരം ടെൻഡറിൽ രേഖപ്പെടുത്തിയ അതേ യൂണിറ്റ് നിരക്കുകളിൽ യാതൊരു പരിഷ്കരണവും വരുത്താതെയാണ് കരാർ ദീർഘിപ്പിച്ചതെന്നു വ്യക്തമാക്കുന്നു. ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് (O&M) സേവനങ്ങൾക്കുള്ള പേയ്മെന്റുകൾ ക്വാർട്ടർലി അടിസ്ഥാനത്തിലാണ് നടത്തുന്നത്, യഥാർത്ഥ കണക്ക് അടിസ്ഥാനമാക്കി പ്രോ-റാറ്റാ അടിസ്ഥാനത്തിലാണ് കണക്കാക്കുന്നത്. KSWAN പ്രോജക്റ്റിനായി നിയമിച്ചിരിക്കുന്ന മൂന്നാം കക്ഷി ഓഡിറ്ററായ M/s CDAC -ന്റെ പരിശോധനയ്ക്ക് വിധേയമാണ് ഈ പേയ്മെന്റുകൾ നൽകുന്നത് .

7) 01.05.2018 -ലെ പ്രാരംഭ ടെൻഡർ മുതൽ ഓരോ ഓഫീസ് കണക്ഷനുമുള്ള യൂണിറ്റ് വിലയിൽ യാതൊരു പരിഷ്കരണവും വരുത്തിയിട്ടില്ലെന്ന് കേരള സ്റ്റേറ്റ് ഐ ടി മിഷൻ വ്യക്തമാക്കിയിട്ടുണ്ട്. എന്നിരുന്നാലും, 17-ാമത്തെ ക്വാർട്ടർലി ഗ്യാരണ്ടീഡ് റവന്യൂ (QGR) കാലയളവ് (2022 മെയ് 1 മുതൽ 2022 ജൂലൈ 31 വരെ) മുതൽ മൊത്തം നൽകേണ്ട തുക വർദ്ധിച്ചിട്ടുണ്ട്, ആയതു, KSWAN നെറ്റ്‌വർക്കിലേക്ക് കണക്റ്റുചെയ്ത സർക്കാർ ഓഫീസുകളുടെ എണ്ണത്തിലുണ്ടായ വർദ്ധനവിന് ആനുപാതികമാണ്. QGR പേയ്മെന്റുകൾ ഓഫീസ് കണക്ഷനുകളുടെ എണ്ണത്തിനനുസരിച്ച് ക്രമീകരിച്ചിട്ടുണ്ട്.

8) ഇ-ഓഫീസ്, സംസ്ഥാന ഡാറ്റാ സെന്ററിൽ(SDC) ഹോസ്റ്റ് ചെയ്തിരിക്കുന്ന മറ്റ് ആപ്ലിക്കേഷനുകൾ എന്നിവയുൾപ്പെടെ വിവിധ സുപ്രധാന ഇ-ഗവേണൻസ് സംരംഭങ്ങൾക്കായി KSWAN കണക്റ്റിവിറ്റി തേടുന്ന വിവിധ സർക്കാർ വകുപ്പുകളുടെ അഭ്യർത്ഥനയെ അടിസ്ഥാനമാക്കിയാണ് കണക്റ്റഡ് ഓഫീസുകളുടെ എണ്ണത്തിൽ ഈ വർദ്ധനവ് രേഖപ്പെടുത്തിയത്. കൂടാതെ, ഈ കാലയളവിൽ ഇതേ സ്കോപ്പുള്ള ഒരു പുതിയ ടെൻഡർ വിളിക്കുകയാണെങ്കിൽ സർക്കാരിന് ഉയർന്ന സാമ്പത്തിക ബാധ്യത ഉണ്ടാകാൻ സാധ്യതയുണ്ടെന്നും KSITM വ്യക്തമാക്കിയിട്ടുണ്ട്.

9) കരാർ കാലാവധി ആരംഭിച്ചതുമുതൽ നടത്തിയ പേയ്മെന്റുകളുടെയും വിശദമായ സംഗ്രഹം, അനുബന്ധ വർക്ക് ഓർഡറുകൾ, ഓഫീസ് കണക്ഷൻ എണ്ണം എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.

10) KSWAN നെറ്റ്‌വർക്ക് -നെ KFON-മായി സംയോജിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിൽ പരിഗണനയിലാണ്, ആയതു അംഗീകാരം നൽകി കഴിഞ്ഞാൽ പ്രവർത്തന പരിവർത്തനത്തിന് കുറഞ്ഞത് 90 ദിവസമെങ്കിലും ആവശ്യമാണ്. കെ-ഫോൺ ഏറ്റെടുക്കുന്നത് വരെ KSWAN നെറ്റ്‌വർക്ക് തടസ്സരഹിതമായി പ്രവർത്തിക്കാൻ M/s Railtel Corporation -നുമായുള്ള കരാർ ദീർഘിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

11) ഈ സാഹചര്യത്തിൽ, കാലാവധി ദീർഘിപ്പിച്ചു നൽകിയ കേരള സ്റ്റേറ്റ് ഐ.ടി മിഷൻ ഡയറക്ടറുടെ നടപടി സാധൂകരിക്കുന്നതോടൊപ്പം, M/s Railtel Corporation-നു നിലവിലെ വ്യവസ്ഥകളും നിരക്കുകളും പ്രകാരം കരാർ ദീർഘിപ്പിച്ചു നൽകുന്നതിൽ ഉത്തരവിനായി ഫയൽ സമർപ്പിച്ചപ്പോൾ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവിടുകയുണ്ടായി.

## തീരുമാനിക്കേണ്ട വിഷയം

i. സർക്കാർ അനുമതി ഇല്ലാതെ 01-05-2021 മുതൽ 30-04-2024 വരെ KSWAN ശൃംഖലയുടെ പ്രവർത്തനത്തിനും പരിപാലനത്തിനുമായി M/s.Railtel Corporation-നു കരാർ കാലാവധി നീട്ടി നൽകിയ കേരള സ്റ്റേറ്റ് ഐ.ടി മിഷൻ ഡയറക്ടറുടെ നടപടിക്ക് സാധൂകരണം നൽകാവുന്നതാണോ?

ii. 01-05-2024 മുതൽ 31-12-2025 വരെ അല്ലെങ്കിൽ KSWAN നെറ്റ്‌വർക്ക് നെ KFON-മായി സംയോജിപ്പിക്കുന്ന നടപടി പൂർത്തിയാക്കുന്നത് വരെ (ഏതാണോ ആദ്യം അതുവരെ) KSWAN ശൃംഖലയുടെ പ്രവർത്തനത്തിനും പരിപാലനത്തിനുമായി M/s Railtel Corporation-നുമായുള്ള കരാറിന്റെ കാലാവധി നിലവിലുള്ള വ്യവസ്ഥകളും നിരക്കുകളും പ്രകാരം ദീർഘിപ്പിക്കുന്നതിന് കേരള സ്റ്റേറ്റ് ഐ.ടി മിഷൻ ഡയറക്ടർക്ക് അനുമതി നൽകാമോ?

**Annexure**

| Sl No | Particulars | Period | Amt to be paid as per Tender | Amt Paid | Amt Held | WO No and date | Office Count |
|---|---|---|---|---|---|---|---|
| 1 | QGR 1 | 01/05/2018-31/07/2018 | 7622309 | 7622309 | Nil | KSWAN/38/2017-KSITM/2017 28.02.2018 | 1850 |
| 2 | QGR 2 | 01/08/2018-31/10/2018 | 7622309 | 7622309 | Nil | KSWAN/38/2017-KSITM/2017 28.02.2018 | 1850 |
| 3 | QGR 3 | 01/11/2018-31/01/2019 | 7622309 | 7622309 | Nil | KSWAN/38/2017-KSITM/2017 28.02.2018 | 1850 |
| 4 | QGR 4 | 01/02/2019-30/04/2019 | 7622309 | 7622309 | Nil | KSWAN/38/2017-KSITM/2017 28.02.2018 | 1850 |
| 5 | QGR 5 | 01/05/2019-31/07/2019 | 7622309 | 7622309 | Nil | KSWAN/38/2017-KSITM/2017 28.02.2018 | 1850 |
| 6 | QGR 6 | 01/08/2019-31/10/2019 | 7622309 | 7622309 | Nil | KSWAN/38/2017-KSITM/2017 28.02.2018 | 1850 |
| 7 | QGR 7 | 01/11/2019-31/01/2020 | 7622309 | 7622309 | Nil | KSWAN/38/2017-KSITM/2017 28.02.2018 | 1850 |
| 8 | QGR 8 | 01/02/2020-30/04/2020 | 7622309 | 7622309 | Nil | KSWAN/38/2017-KSITM/2017 28.02.2018 | 1850 |

| | | | | | | | |
|---|---|---|---|---|---|---|---|
| 9 | QGR 9 | 01/05/2020-31/07/2020 | 7622309 | 7622309 | Nil | KSWAN/38/2017-KSITM/2017 28.02.2018 | 1850 |
| 10 | QGR 10 | 01/08/2020-31/10/2020 | 7622309 | 7622309 | Nil | KSWAN/38/2017-KSITM/2017 28.02.2018 | 1850 |
| 11 | QGR 11 | 01/11/2020-31/01/2021 | 7622309 | 7622309 | Nil | KSWAN/38/2017-KSITM/2017 28.02.2018 | 1850 |
| 12 | QGR 12 | 01/02/2021-30/04/2021 | 7622309 | 7622309 | Nil | KSWAN/38/2017-KSITM/2017 28.02.2018 | 1850 |
| 13 | QGR 13 | 01/05/2021-31/07/2021 | 7622309 | 7622309 | Nil | KSWAN/ 38/ 201 7-KSITM/556 28/04/2022 | 1850 |
| 14 | QGR 14 | 01/08/2021-31/10/2021 | 7622309 | 7622309 | Nil | KSWAN/23/2016-KSITM/717 28/07/2021 | 1850 |
| 15 | QGR 15 | 01/11/2021-31/01/2022 | 7622309 | 7622309 | Nil | KSWAN/23/2016-KSITM/717 28/07/2021 | 1850 |
| 16 | QGR 16 | 01/02/2022-30/04/2022 | 7622309 | 7622309 | Nil | KSWAN/23/2016-KSITM 11-02-2022 | 1850 |
| 17 | QGR 17 | 01/05/2022-31/07/2022 | 10125030 | 10125030 | Nil | KSWAN/23/2016-KSITM 25-03-2022 | 4243 |
| 18 | QGR 18 | 01/08/2022-31/10/2022 | 10249571 | 10249571 | Nil | KSWAN/23/2016-KSITM 04/04/2022 | 4380 |
| 19 | QGR 19 | 01/11/2022-31/01/2023 | 10344679 | 10344679 | Nil | KSWAN/23/2016-KSITM 26-10-2022 | 4484 |

| | | | | | | | |
|---|---|---|---|---|---|---|---|
| 20 | QGR 20 | 01/02/2023-30/04/2023 | 10389489 | 10389489 | Nil | KSWAN/23/2016-KSITM 26-10-2022 | 4533 |
| 21 | QGR 21 | 01/05/2023-31/07/2023 | 10421497 | 10421497 | Nil | KSWAN/23/2016-KSITM 20-04-2023 | 4568 |
| 22 | QGR 22 | 01/08/2023-31/10/2023 | 10448017 | 10448017 | Nil | KSWAN/23/2016-KSITM 20-04-2023 | 4597 |
| 23 | QGR 23 | 01/11/2023-31/01/2024 | 10461158 | 10461158 | Nil | KSWAN/23/2016-KSITM 05-11-2023 | 4613 |
| 24 | QGR 24 | 01/02/2024-30/04/2024 | 10474846 | 10474846 | 1047485 | KSWAN/23/2016-KSITM 05-11-2023 | 4615 |
| 25 | QGR 25 | 01/05/2024-31/07/2024 | Work order not issued. Requested the Govt for approval. | No work order issued hence payment not done, but committed | | Letter No.KSWAN/23/2016-KSITM dtd 27-06-2024 sent to Govt for approval | 4578 |
| 26 | QGR 26 | 01/08/2024-31/10/2024 | | | | | 4501 |
| 27 | QGR 27 | 01/11/2024-31/01/2025 | | | | Letter No.KSWAN/23/2016-KSITM dtd 25-10-2024 sent to Govt for approval | 4510 |
| 28 | QGR 28 | 01/02/2025-30/04/2025 | | | | | 4537 |
| 29 | QGR 29 | 01/05/2025-31/07/2025 | | | | Letter No.KSWAN/23/2016-KSITM dtd 12-03-2025 sent to Govt for approval | |
| **30** | QGR 30 | 01/08/2025-31/10/2025 | | | | | |